ശ്രീ. സി. എ. കുര്യൻ: പുതിയ വ്യവസായം തുടങ്ങുന്നതിനാവശ്യമായ ഇലക്ട്രിസിറ്റി, മറ്റ് അസംസ്കൃത സാധനങ്ങൾ ഇതെല്ലാം ഇടുക്കി ജില്ലയിലുണ്ട്. ഇതെല്ലാമുണ്ടായിട്ടും ഇതുവരെ യാതൊരു വ്യവസായവും അവിടെ ആരംഭിച്ചിട്ടില്ല എന്ന വസ്തുത പരിഗണിച്ച് അത് കേരളത്തിന്റെ ഒരു കോളനിയാണെന്നു കണക്കാക്കാതെ അവിടേയും വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇടുക്കി ജില്ലയിൽ വിദ്യുച്ഛക്തി എത്രയും പെട്ടെന്ന് എത്തിക്കാനുള്ള ഒരു ക്രാഷ് പ്രോഗ്രാം തന്നെ അംഗീകരിക്കുന്നുണ്ടെന്ന് ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിൽ വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുമ്പോൾ തോട്ടങ്ങൾ വ്യവസായമല്ലേ അല്ലയോ എന്ന ചോദ്യം ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. ഏതായാലും തോട്ടങ്ങളല്ലാതെ വേറെയും വ്യവസായങ്ങൾ ഇടുക്കി ജില്ലയിലും വേണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു.

മുനിസിപ്പൽ കമ്മീഷണർമാരായി നിയമിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ്

*288 [304] ശ്രീ. കെ. പി. രാമൻ:

ശ്രീ. പി. എം. അബൂബേക്കർ:

ശ്രീ. പി. പി. വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂന്നാം ഗ്രേഡ് മുനിസിപ്പൽ കമ്മീഷണർമാരായി നിയമിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എന്നാണ് പ്രസിദ്ധീകരിച്ചത്;

(ബി) മൂന്നാം ഗ്രേഡ് മുനിസിപ്പൽ കമ്മീഷണർമാരായി എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്;

(സി) അവരിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെത്ര;

(ഡി) താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഇ) പി. എസ്. സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷവും താൽക്കാലിക നിയമനം നടന്നിരുന്നുവോ;

(എഫ്) എങ്കിൽ എത്ര?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടില്ല.

(ബി) 22 പേർ. (ഇരുപത്തിരണ്ടുപേർ)

(സി) 8 പേർ (എട്ടു പേർ)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ആറാം മൂന്നാം ഗ്രേഡ് കമ്മീഷണറുടെ ഗ്രേഡിൽ താഴ്ന്ന ഗ്രേഡിലുള്ള ആളും അപ്പർ ഡിവിഷൻ ക്ലാർക്കോ അതിനു മുകളിലോ ഉള്ള ആളും മൊത്തം പത്തു കൊല്ലത്തിൽ കുറയാതെ സർവ്വീസുള്ള ആളും ആയിരിക്കണം.

(ഇ, എഫ്) മുനിസിപ്പൽ സർവ്വീസിൽനിന്നുമുള്ള കോട്ടായി ലേക്കാണ് പി. എസ്. സി. യിൽനിന്നും അഡ്വൈസ് കിട്ടിയത്. കോട്ടായുടെ അടിസ്ഥാനത്തിൽ മുനിസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാരിൽനിന്നും നേരിട്ടുള്ള നിയമനങ്ങൾ വഴിയും ആണ് ബാക്കിയുള്ള ഒഴിവുകളിലേക്ക് നിയമനം നടക്കേണ്ടിയിരുന്നത്. എന്നാൽ അതിന് സാങ്കേതികമായി ചില തടസ്സങ്ങൾ ഉള്ളതിനാൽ പ്രസ്തുത തസ്തികകൾ താല്ക്കാലിക നിയമനങ്ങൾവഴി ആണ് നികത്തിയിട്ടുള്ളത്. ഇപ്രകാരം രണ്ടു നിയമനങ്ങൾ നടന്നിട്ടുണ്ട്.

ശ്രീ. കെ. പി. രാമൻ: മുനിസിപ്പൽ നിയമങ്ങളുമായി ബന്ധമില്ലാത്ത പഞ്ചായത്ത് ഉദ്യോഗസ്ഥൻമാരെ ഈ തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇപ്പോൾ നിലവിലുള്ള നിയമപ്രകാരം പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് ഉദ്യോഗസ്ഥൻമാർക്ക് ഇതിൽ അഞ്ചാമത്തെ സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

ശ്രീ. പി. എം. അബൂബേക്കർ: താല്ക്കാലിക കമ്മീഷണർക്കു പുറമേ മുനിസിപ്പാലിറ്റികളിൽ താല്ക്കാലിക സ്പെഷ്യൽ ആഫീസറൻമാർ എന്ന നിലയിൽ എത്രപേർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇത് കമ്മീഷണറൻമാരെ പ്പറ്റിയുള്ള ചോദ്യമായതുകൊണ്ട് തയ്യാറായി വന്നിട്ടില്ല.

ശ്രീ. പി. പി. വി. മൂസ്സ: പഞ്ചായത്തിൽനിന്നും മറ്റും മുനിസിപ്പൽ ആഫീസറൻമാരായി നിയമിച്ചിട്ടുള്ളവരെ ആ സ്ഥാനത്തു നിന്ന് ഒഴിവാക്കികിട്ടണമെന്ന് അവരാരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഒഴിവാക്കപ്പെട്ടതായി ഫയലിൽ കാണുന്നില്ല. അങ്ങനെയുണ്ടെങ്കിൽ പരിഗണിക്കുന്നതാണ്.

ശ്രീ. എം. കെ. കേശവൻ: മുനിസിപ്പൽ കമ്മീഷണർമാരായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന പരാതിയുണ്ടോ; ഉണ്ടെങ്കിൽ പട്ടികജാതിക്കാർക്കു കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: പി. എസ്. സി. യാണ് കമ്മീഷണറെ നിശ്ചയിക്കുന്നത്. മറ്റത് പ്രമോഷൻ മുഖേനയാണ്. അതിൽ പട്ടികജാതിക്കാരെ അങ്ങനെ നിയമിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സ്പെഷ്യൽ ആഫീസറൻമാരുടേയും കമ്മീഷണർമാരുടേയും ഒഴിവുകളെ സംബന്ധിച്ച് അതാതവസരത്തിൽ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: റിപ്പോർട്ടു ചെയ്യാറുണ്ട്. ഓപ്പൺ റിക്രൂട്ട്മെൻറിന് പി. എസ്. സി. ക്ക് റിപ്പോർട്ടു ചെയ്തിട്ട് വളരെ നാളുകളായി. പക്ഷേ ഇതുവരെ അഡ്വൈസ് കിട്ടിയിട്ടില്ല.

പോലീസുദ്യോഗസ്ഥൻമാർ വാഹനങ്ങൾ തടഞ്ഞുനിർത്തി കൈക്കൂലി വാങ്ങുന്നതായി പരാതി

*289 [305] ശ്രീ. പി. ആർ. ശിവൻ:

ശ്രീ. ടി. കെ. അബ്ദു:

ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്കിംഗിൻെറ പേരിൽ രാത്രി സമയങ്ങളിൽപോലും ചില പോലീസുദ്യോഗസ്ഥൻമാർ വാഹനങ്ങൾ തടഞ്ഞു നിർത്തി കൈക്കൂലി വാങ്ങുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഏതു വാഹനവും ഏതു സമയത്തും തടഞ്ഞുനിർത്തി പരിശോധിക്കുവാൻ പോലീസിന് അനുവാദം കൊടുത്തിട്ടുണ്ടോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇല്ല.

(ബി) ബന്ധപ്പെട്ട നിയമങ്ങൾക്കു വിധേയമായി ഏതു വാഹനവും ഏതു സമയത്തും നിറുത്തി നിയമാനുസൃതം പരിശോധിക്കാൻ പോലീസിന് അധികാരമുണ്ട്.

ശ്രീ. പി. ആർ. ശിവൻ: പോലീസുദ്യോഗസ്ഥൻമാർ ഇങ്ങനെ മോട്ടോർ വാഹനങ്ങൾ തടഞ്ഞുനിർത്തി അസമയങ്ങളിൽ പരിശോധിക്കുന്നത് മോട്ടോർ വെഹിക്കിൾ ആക്ടറ് കാര്യക്ഷമമാക്കാനല്ലെന്നും മറിച്ച് സ്വന്തം സാമ്പത്തിക നില കാര്യക്ഷമമാക്കാനാണെന്നുമുള്ള സാർവ്വത്രികമായ പരാതിയുണ്ട്. അതിൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മോട്ടോർ വെഹിക്കിൾ ആക്ടറിൻെറ പരിധി അറിയാത്തതുകൊണ്ടാണ്. മോട്ടോർ വെഹിക്കിൾ ആക്ടറിൽ പോലീസിൻെറ ചുമതല ഇൻറിപെൻറൻറാണ്. മോട്ടോർ വെഹിക്കിൾ ആക്ടറ് 128, 356, 359 ഈ വകുപ്പുകൾ പ്രത്യേകം പോലീസുദ്യോഗസ്ഥൻമാർക്ക് അധികാരം നൽകുന്നതും അവരുടെ ചുമതലകൾ ഏറെറടുത്തു നടത്തണമെന്ന് പ്രസ്താവിച്ചിട്ടുള്ളതുമാണ്.

ശ്രീ. പി. ആർ. ശിവൻ: ഇങ്ങനെ പരിശോധനയ്ക്കുവേണ്ടി ഉദ്യോഗസ്ഥൻമാർ തടഞ്ഞു നിറുത്തുന്ന വാഹനങ്ങളിലെ ഡ്രൈവർമാരും ക്ലീനർമാരും പത്തും നൂറും രൂപ റജിസ്റ്ററർ ബുക്കിൽ അടക്കം ചെയ്ത് കൊടുത്താൽ ആ വണ്ടിയുടെ റെക്കാർഡും ട്രാഫിക് കുറവുകളും പരിഹരിച്ചതായി കണക്കാക്കി വണ്ടി നിരുപാധികം വിട്ടയക്കുന്നതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly